**കേരള കാർഷികസർവകലാശാല**

ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്

കെ.എ.യു പി.ഒ, വെള്ളാനിക്കര, തൃശ്ശൂർ - 680 656

**e-maildpp@kau.in Phone No. 0487-2438151, 2438154**

---

നം. **KAUDPP/1659/2025-DPP A1 (v)** തീയതി. വെള്ളാനിക്കര, **17-12-2025**

---

**ലേല /ദർഘാസ് പരസ്യം 08/2025-26**

കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനങ്ങൾ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ സീൽ ചെയ്ത കവറിൽ കൊട്ടേഷൻ സ്വീകരിച്ച് ലേലം ചെയ്യുന്നു.

| ക്രമ നമ്പർ | വാഹനത്തിന്റെ വിവരം | നിരതദ്രവ്യം | സ്ഥലം | സമയം |
|---|---|---|---|---|
| 1 | KL 08 AU 1476 (Ford Fiesta) | 6,000/- | Directorate of Physical Plant, Vellanikkara | 22/12/2025 3 മണി |
| 2 | KL 08 AT 8489 (Tata Indigo Manza) | 4,250/- | | |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ 22/12/2025 ന് 3 മണിക്ക് മുൻപായി **ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ** കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യം മേൽ പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും "ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ" പേരിൽ വാങ്ങിയതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാർഷിക സർവകലാശാല ബ്രാഞ്ചിൽ മാറാവുന്നതുമായ ഡി.ഡി. വയ്ക്കേണ്ടതാണ്. കവറിനു മുകളിൽ 'വാഹന ലേലത്തിനുള്ള ദർഘാസ്'...........................(വാഹന രജിസ്ട്രേഷൻ നമ്പർ) എന്ന് വ്യക്തമായി എഴുതിയിരിക്കണം. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തികൾ 18% ജി.എസ്.ടി ഉൾപ്പെടെ ലേലം/ ദർഘാസ് തുക മുഴുവനായും അടയ്ക്കേണ്ടതാണ്. കൂടാതെ ഉടമസ്ഥാവകാശം മാറ്റുന്നതിമുള്ള നടപടിക്രമങ്ങൾക്ക് ആവശ്യമായ രേഖകൾ (ആധാർ, പാൻകാർഡ് etc.) നൽകേണ്ടതാണ്. ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 7 ദിവസത്തിനകം വാഹനം സ്വന്തം ചെലവിലും ഉത്തരവാദിതത്തിലും കൊണ്ടുപോവേണ്ടതാണ്. ലേലം

കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ, അടച്ച നിരതദ്രവ്യം സർവ്വകലാശാലയിലേക്കു മുതൽകൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർവ്വകലാശാലയിലേക്കു എന്തെങ്കിലും നഷ്ടം വന്നാൽ ആയതിന് മുൻലേലക്കാരൻ ഉത്തരവാദിയാകുന്നതും, ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാൻ അർഹനായിരിക്കുന്നതല്ല. വാഹനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയാൻ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

1. **0487-2438626** (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര)
2. **9747000839** (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര)

ലേലം സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനും, യാതൊരു കാരണവും കൂടാതെ ഈ നോട്ടീസ് പ്രകാരമുള്ള ലേലം/ ദർഘാസ് നടപടികൾ മാറ്റിവെയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുമുള്ള അധികാരം ഡി.പി.പി.യിൽ നിക്ഷിപ്തമാണ്.

Dr. Mary Regina F
DPP KAU

പകർപ്പ് : രജിസ്ട്രാർ/ പി എ ടു ഡി പി പി /നോട്ടീസ് ബോർഡ് / കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വെബ്സൈറ്റ് / എല്ലാ സർവകലാശാല കേന്ദ്രങ്ങളിലേയ്ക്കും

ഉത്തരവിൻ പ്രകാരം
Signed by
Mohammed Faizal A
Date: 17-12-2025 14:39:42
സെക്ഷൻ ഓഫീസർ